**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 824** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>നെയ്യാറിലെ വിനോദസഞ്ചാരകേന്ദ്രങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** പാറശാല നിയോജക മണ്ഡലത്തിൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ഭാഗമായ നെയ്യാർ ഡാം പ്രദേശം സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായതിനാൽ, നെയ്യാർ ഡാമിലെ ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നിലവിൽ നിലനിൽക്കുന്ന നിയമപരവും സാങ്കേതികവുമായ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** സെൻട്രൽ സൂ അതോറിറ്റിയുടെ 13/12/2021 ലെ ഉത്തരവ് പ്രകാരം ലയൺ സഫാരി പാർക്കിന്റെ അംഗീകാരം റദ്ദാക്കിയിട്ടുള്ളതാണ്. ആയതിനെതിരെ നൽകിയ അപ്പീലിന്റെ അടിസ്ഥാനത്തിൽ കേന്ദ്രവനം സെക്രട്ടറി മുമ്പാകെ തിരുവനന്തപുരം വൈൽഡ് ലൈഫ് വാർഡൻ 25/04/2022 ന് അപ്പീലിന് ഹാജരായെങ്കിലും കാർണിവോർ സഫാരി പാർക്ക് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുള്ള നിലവാരം ഇല്ലായെന്ന് സൂചിപ്പിച്ചുകൊണ്ട് ടി അപ്പീൽ തള്ളുകയും 22/06/2022 ലെ ഉത്തരവ് പ്രകാരം ടി പാർക്കിന്റെ അംഗീകാരം അന്തിമമായി സെൻട്രൽ സൂ അതോറിറ്റി റദ്ദ് ചെയ്തിട്ടുള്ളതുമാണ്. ലയൺ സഫാരി പാർക്കിന് കുറഞ്ഞത് 20 ഹെക്ടർ സ്ഥലം ആവശ്യമാണ്. എന്നാൽ ആയത് പ്രവർത്തിച്ചിരുന്നത് നാല് ഹെക്ടർ മാത്രമുള്ള സ്ഥലത്തായിരുന്നു.

**(ബി)** മുൻപ് ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനാനുമതി റദ്ദാക്കുന്നതിന് കാരണമായ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ വ്യവസ്ഥകൾ, പാർക്കിന്റെ നിലവിലുള്ള വിസ്തീർണ്ണ പരിമിതി, നെയ്യാർ ഡാം റിസർവോയറിലെ ദ്വീപിന്റെ ഭൂമിശാസ്ത്രപരമായ പരിമിതി എന്നിവ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ തലത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ബഹു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും നേതൃത്വത്തിൽ നടന്ന മേഖലാ അവലോകനത്തിൽ നെയ്യാർ ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നു. ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനത്തിന് കുറഞ്ഞത് 20 ഹെക്ടർ സ്ഥലം ബദലായി കണ്ടെത്തി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാനായിരുന്നു തീരുമാനം.

പുതുതായി ലയൺ സഫാരി പാർക്ക് പ്രവർത്തിക്കുന്നതിന് ആവശ്യമായ അപേക്ഷയും വിശദ പ്രോജക്ട് റിപ്പോർട്ടും സെൻട്രൽ സൂ അതോറിറ്റിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുവാൻ കേന്ദ്രമൃഗശാല അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ട്.

**(സി)** കേന്ദ്ര മൃഗശാല അതോറിറ്റി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുമായി ആവശ്യമായ ആശയവിനിമയം നടത്തി, നിലവിലുള്ള നിയമങ്ങളും വന്യജീവി സംരക്ഷണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് നെയ്യാർ ലയൺ സഫാരി പാർക്ക് വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** കേന്ദ്ര മൃഗശാല അതോറിറ്റി ഉൾപ്പെടെയുള്ള ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുമായി ആവശ്യമായ ആശയവിനിമയം നടത്തി, നിലവിലുള്ള നിയമങ്ങളും വന്യജീവി സംരക്ഷണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് നെയ്യാർ ലയൺ സഫാരി പാർക്ക് വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യതകളെപ്പറ്റി പരിശോധിച്ചുവരുന്നു.

**(ഡി)** നെയ്യാറിലെ മാൻ പാർക്കും ചീങ്കണ്ണി പാർക്കും നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ ആകർഷകവും സുരക്ഷിതവും ശാസ്ത്രീയവുമായ രീതിയിൽ നവീകരിക്കുന്നതിനായി ഏതെങ്കിലും പദ്ധതി, പദ്ധതി രേഖ, സർക്കാർ ഉത്തരവ്, ഭരണാനുമതി എന്നിവ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** നെയ്യാർ വന്യജീവിസങ്കേതത്തിലെ മാൻ പുനരധിവാസകേന്ദ്രം, ചീങ്കണ്ണി പാർക്ക് എന്നിവ ഓരോ സാമ്പത്തിക വർഷവും ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സമഗ്രമായ നവീകരണത്തിന് വലിയതോതിലുള്ള സാമ്പത്തിക സഹായം ആവശ്യമായി വരുമെന്നതിനാൽ നബാർഡ് ഉൾപ്പെടെയുള്ള ഏജൻസികളിൽ നിന്ന് ധനസഹായം ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നുണ്ട്.

**(ഇ)** നെയ്യാർ ഡാം റിസർവോയർ പ്രദേശത്ത് വനംവകുപ്പിന്റെ നിയന്ത്രണത്തിലുള്ള 5D തിയേറ്റർ ഉൾപ്പെടെയുള്ള വിനോദസഞ്ചാര സൗകര്യങ്ങൾ നിലവിൽ ഏത് നിലയിലാണ് പ്രവർത്തിക്കുന്നത് എന്നും അവ നവീകരിക്കുന്നതിനോ പുനഃസംഘടിപ്പിക്കുന്നതിനോ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സർക്കാർതലത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

**മറുപടി:** നെയ്യാർ വന്യജീവിസങ്കേതത്തിലെ ഇക്കോടൂറിസം കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ത്രീഡി തിയേറ്റർ സന്ദർശകർക്കും വിദ്യാർത്ഥികൾക്കുമായി കാണുന്നതിന് നിലവിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. അവ നവീകരിക്കുന്നതിനോ പുന:സംഘടിപ്പിക്കുന്നതിനോ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ നിലവിൽ പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല.

**(എഫ്)** നെയ്യാർ ഡാം റിസർവോയർ, വന്യജീവി സങ്കേതം, ലയൺ സഫാരി പാർക്ക്, മാൻ പാർക്ക്, ചീങ്കണ്ണി പാർക്ക് തുടങ്ങിയ വിവിധ കേന്ദ്രങ്ങളിലായി വനംവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററുകൾ, സന്ദർശക വിവരകേന്ദ്രങ്ങൾ, വിശ്രമസൗകര്യങ്ങൾ, ശുചിത്വ സംവിധാനങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, ടിക്കറ്റിംഗ് സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ നവീകരിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

**മറുപടി:** ഇക്കോടൂറിസം സെന്ററിൽ സമഗ്രമായ നവീകരണത്തിന് വലിയതോതിലുള്ള സാമ്പത്തിക സഹായം ആവശ്യമായി വരുമെന്നതിനാൽ നബാർഡ് ഉൾപ്പെടെയുള്ള ഏജൻസികളിൽ നിന്ന് ധനസഹായം ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നുണ്ട്.

**(ജി)** നെയ്യാർ മേഖലയിലെ നിലവിലുള്ള വിനോദസഞ്ചാര സാധ്യതകൾ ഏകോപിപ്പിച്ച്, വന്യജീവി സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് നെയ്യാറിനെ സമഗ്രമായ വന്യജീവി-ഇക്കോ ടൂറിസം കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ/സമഗ്ര പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ, ഭരണാനുമതികൾ, പദ്ധതി രേഖകൾ, അനുവദിച്ചിട്ടുള്ള തുക, നിർവഹണ ഏജൻസി, നിലവിലെ പ്രവർത്തന പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; കൂടാതെ അവ സമയബന്ധിതമായി പൂർത്തീകരിച്ച് നെയ്യാറിലെ വിനോദസഞ്ചാര സൗകര്യങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** നെയ്യാർ ഇക്കോടൂറിസം സെന്റർ പരിധിയിൽ വരുന്ന സ്റ്റേ പാക്കേജുകൾ, വാച്ച്ടവർ എന്നിവ ആധുനിക നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനടുത്തുതന്നെ പുതുതായി ശലഭോദ്യാനം നിർമ്മിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സമഗ്രമായ നവീകരണത്തിന് വലിയതോതിലുള്ള സാമ്പത്തിക സഹായം ആവശ്യമായി വരുമെന്നതിനാൽ നബാർഡ് ഉൾപ്പെടെയുള്ള ഏജൻസികളിൽ നിന്ന് ധനസഹായം ലഭ്യമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**